പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3190

19-06-2019-ൽ മറുപടിക്ക്

**ഓണാട്ടുകര വികസന ഏജൻസി മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ**

**ചോദ്യം**

**ശ്രീ.ആർ. രാജേഷ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ, ഓണാട്ടുകര വികസന ഏജൻസി മുഖേന അനുവദിച്ച പദ്ധതികളും നടപ്പിലാക്കിയ പദ്ധതികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഓണാട്ടുകര വികസന ഏജൻസി മുഖേന നെൽകൃഷി, എള്ള് കൃഷി, കിഴങ്ങ് കൃഷി, പച്ചക്കറി കൃഷി മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | മാവേലിക്കരയിൽ 2016-17 സാമ്പത്തിക വർഷം 8 ഹെക്ടർ നെല്ല് കൃഷി ചെയ്തു. ഇതിനായി 2.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 ൽ നെൽകൃഷി 40.1 ഹെക്ടറാക്കി വർദ്ധിപ്പിക്കുകയും 12.03 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രളയത്തിൽ ഒന്നാം വിള നശിച്ചെങ്കിലും 5.6288 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് 21.342 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 1.164 ലക്ഷം രൂപ സബ്സിഡി നൽകി 9.7 ഹെക്ടർ സ്ഥലത്തും, 2018-19 സാമ്പത്തിക വർഷം 0.6 ലക്ഷം രൂപ ധനസഹായം നൽകി 5 ഹെക്ടർ സ്ഥലത്തും എള്ള കൃഷി ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 1.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 5 ഹെക്ടർ സ്ഥലത്തും, 2018-19 സാമ്പത്തിക വർഷം 6.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 30 ഹെക്ടർ സ്ഥലത്തും കിഴങ്ങുവർഗ്ഗ കൃഷി ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 1.20 ലക്ഷം രൂപ സബ്സിഡി നൽകി 5 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 1.29 ലക്ഷം രൂപ ധനസഹായം നൽകി 4.3 ഹെക്ടർ സ്ഥലത്തും പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ